EAG
76010

"ഭരണഭാഷ- മാതൃഭാഷ"

13 OCT 2020

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആ.കു.വ - മെ.വി.വ - ജീവനക്കാര്യം - കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ റസിഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു വരുന്ന ഡോ.അൻസു സാം - ന്റെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യകുടുംബക്ഷേമ (എസ്) വകുപ്പ്

**സ.ഉ.(സാധാ) നം.1860/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 11/10/2020

---

പരാമർശം:- 1) 13/09/2017 – ലെ സ.ഉ(സാധാ) 2480/2017/ആ.കു.വ നമ്പർ ഉത്തരവ്

2) 28/09/2018 - ലെ സ.ഉ(സാ.ധാ) നം.2986/2018/ആ.കു.വ നമ്പർ ഉത്തരവ്

3) 30/09/2019 -ലെ സ.ഉ(സാ.ധാ) നം.2358/2019/ആ.കു.വ നമ്പർ ഉത്തരവ്

4) ഡോ.അൻസു സാം - ന്റെ 03/07/2020 - ലെ അപേക്ഷ

5) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21/09/2020തീയതിയിലെ എൻ.സി.2/2695/2020/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പത്തനാപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർ ജനായ ഡോ.അൻസു സാം -ന്, നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി പരാമർ ശം 1 - ലെ ഉത്തരവ് പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗത്തിലെ ജൂനിയർ റസിഡന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം 2, 3 എന്നിവ പ്രകാരം ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി. അനുവദിച്ചിരുന്ന ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചിരിക്കുന്നതിനാൽ ഡെപ്യൂട്ടേഷൻ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ഡോ.അൻസു സാം പരാമർശം 4 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാരിയുടെ ഡെപ്യൂട്ടേഷൻ കാലാവധി 23/09/2020 മുതൽ ഒരു വർഷത്തേക്കോ പ്രസ്തുത തസ്തികയിൽ ബോണ്ട് പ്രകാരമുള്ള നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർ ശം 5 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാരിക്ക് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചു നൽകുന്നതിൽ ആരോഗ്യ വകുപ്പിന് തടസമില്ലായെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജനും നിലവിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗത്തിലെ ജൂനിയർ റസിഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു വരുന്നതുമായ ഡോ.അൻസു സാം - ന്റെ ഡെപ്യൂട്ടേഷൻ കാലാവധി 23/09/2020 മുതൽ ഒരു വർഷത്തേക്കോ പ്രസ്തുത തസ്തികയിൽ ബോണ്ട് പ്രകാരമുള്ള നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുമതിയില്ലാതെ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നത് കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 140(C) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല-പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ച് കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവാകാത്ത പക്ഷം അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.അൻസു സാം -നെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദിലീപ്.സി.ഡി**

**ഡെപ്യൂട്ടിസെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ.അൻസു സാം, ജൂനിയർ റസിഡന്റ് (ഡെപ്യൂട്ടേഷൻ) , പീഡിയാട്രിക്സ് വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പത്തനാപുരം, കൊല്ലം

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by KISHOR KUMAR K V
Date: 2020.10.11 12:50:22 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് : - ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി